04-03-2022 പ്രഭാതമുരളി ഓം ശാന്തി ബാപ്ദാദ മധുബൻ

**മധുരമായ കുട്ടികളെ- രാത്രിയിൽ എഴുന്നേറ്റിരുന്ന് സമ്പാദിക്കൂ, അമൃതവേളയിൽ എഴുന്നേൽക്കുന്നതിന്റെ ശീലം വെക്കൂ.**

**ചോദ്യം-** ജ്ഞാനത്തിൽ വരുമ്പോൾ തന്നെ കയറുന്ന ലഹരി സദാ നിലനിർത്തുന്നതിനുള്ള വിധിയെന്ത്?
**ഉത്തരം-** ജ്ഞാനത്തിൽ പുതിയതായി വരുമ്പോൾ വളരെ ലഹരി വർദ്ധിക്കുന്നു. ആ സമയത്ത് സ്വയം അനേക പ്രതിജ്ഞകളും എടുക്കുന്നു. ബാബ പറയുന്നു- ഈ പ്രതിജ്ഞകൾ ഡയറിയിൽ നോട്ട് ചെയ്യൂ, വീണ്ടും അതിനെ ആവർത്തിക്കൂ എങ്കിൽ ലഹരി സദാ നിലനിൽക്കും. ഇല്ലായെങ്കിൽ മായയുടെ കൊടുങ്കാറ്റ് വരുന്നതിലൂടെ ലഹരിയില്ലാതാകും. എന്തെങ്കിലും തെറ്റ് സംഭവിച്ചുവെങ്കിൽ ഉടൻ കേൾപ്പിച്ച് ഭാരരഹിതമാകൂ, പിന്നെ രണ്ടാമത് ആ തെറ്റ് ഉണ്ടാകരുത്, ഇല്ലായെങ്കിൽ വർദ്ധിച്ചു കൊണ്ടേയിരിക്കും.

**ഗീതം-** ദുഃഖിതരോട് ദയ കാണിക്കൂ മാതാ പിതാവേ....

**ഓം ശാന്തി**. ഈ ഗീതം വളരെ നല്ലതാണ് കാരണം മുഴുവൻ ലോകവും ദുഃഖത്തിലാണ്, അങ്ങ് തന്നെയാണ് മാതാവും പിതാവും, അങ്ങയുടെ കൃപയിലൂടെയാണ് അളവറ്റ സുഖം ലഭിക്കുന്നത് എന്നു പറഞ്ഞ് ഭഗവാനെ ഓർമ്മിക്കുന്നുമുണ്ട്. ഈ സമയത്ത് മുഴുവൻ ലോകവും ദുഃഖിയാണ് അതിനാൽ വീണ്ടും ബാബയെ ഓർമ്മിക്കുന്നു, അപ്പോൾ അമ്മയുടെയും ഓർമ്മ തീർച്ചയായും വരും. ഈ ഗീതം വളരെ നല്ലതാണ്. നിങ്ങൾക്കറിയാം മാതാ പിതാവിന്റെയടുത്ത് ജന്മം എടുക്കുന്നതിലൂടെ നമുക്ക് ഒരു സെക്കന്റിൽ സമ്പത്ത് ലഭിക്കുന്നു. ഭാരതത്തിലാണ് ഈ മഹിമയുള്ളത്. കുട്ടികൾ ഇപ്പോൾ സന്മുഖത്തിരിക്കുന്നു. ജഗദംബയുണ്ടെങ്കിൽ തീർച്ചയായും ജഗത്പിതാവുമുണ്ടാകും. അവരേക്കാൾ ഉയർന്നതായും ആരെങ്കിലും ഉണ്ടാകും കാരണം ഈ സമയത്ത് സുഖധാമിന്റെ സമ്പത്ത് ലഭിക്കുന്നു. അതിനാൽ സുഖധാം സ്ഥാപിക്കുന്ന മാതാ പിതാവും വേണം. സമ്പന്നരായ മാതാ പിതാവാണെങ്കിൽ അവരുടെ വീട് എത്ര ഫസ്റ്റ് ക്ലാസ്സായിരിക്കും. ദരിദ്രരായ മാതാ പിതാക്കളാണെങ്കിൽ വീടും അതേ പോലെയായിരിക്കും. സത്യയുഗത്തിൽ രാധയെയും കൃഷ്ണനെയും നോക്കൂ, അവർക്കാണ് ആദ്യത്തെ ചക്രവർത്തി പദവി ലഭിച്ചത്. രാധ തീർച്ചയായും ഏതെങ്കിലും രാജാവിന്റെയടുത്ത് ജന്മം എടുക്കും, രാജകുമാരിയായി തീരും. ശ്രീകൃഷ്ണൻ രാജകുമാരനാകും പിന്നെ അവരുടെ സ്വയംവരം നടക്കുന്നു. ഇത് യാഥാർത്ഥ്യമാണ്. മാതാ പിതാവ് ഇപ്പോൾ ദേവീക രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. ദേവീ ദേവതമാർ സൂര്യവംശി മഹാരാജാ മഹാറാണിയായിരുന്നു. നിങ്ങൾക്കറിയാം ഇവർക്ക് ഈ പദവി ലഭിച്ചത് എങ്ങനെയെന്ന്. രാമനും സീതയ്ക്കും ചന്ദ്രവംശി രാജധാനി എങ്ങനെ ലഭിച്ചു? കലിയുഗത്തിന്റെ അന്ത്യത്തിൽ ഒന്നും തന്നെയില്ല. ഇതാണ് പഠിത്തത്തിലൂടെ രാജ്യ പദവി. ആ പഠിത്തത്തിലൂടെ എൻജിനിയർ, വക്കീലായി തീരുന്നത് പോലെ. ഇവിടെ പഠിത്തത്തിലൂടെ രാജാക്കൻമാരുടെയും രാജാവായി തീരുന്നു. ഒരേയൊരു ബാബ തന്നെയാണ് രാജ്യ പദവിക്ക് വേണ്ടി രാജയോഗം പഠിപ്പിക്കുന്നത്. മറ്റൊരു യൂണിവഴ്സിറ്റിയിലും രാജ്യ പദവിക്ക് വേണ്ടി പുരുഷാർത്ഥം ചെയ്യിക്കുന്നില്ല. ഇതിന്റെ പേര് തന്നെയാണ് ഗീതാപാഠശാല. ഗീതയിലൂടെ രാജ്യപദവി ലഭിക്കുന്നു. വേദവും ഉപനിഷത്തിലൂടെയും എന്ത് പദവിയാണ് ലഭിക്കുന്നത്? രാജയോഗം ഭഗവാൻ തന്നെ വന്നാണ് പഠിപ്പിക്കുന്നത്. എത്ര സഹജമായ കാര്യമാണ്. ഇന്നലെ നടന്ന കാര്യം പോലെ. ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു. പറയാറുണ്ട് ക്രിസ്തു വരുന്നതിന് 3000 വർഷങ്ങൾക്ക് മുമ്പ് ദേവതമാരുടെ രാജ്യമായിരുന്നു. അവർക്കത് എങ്ങനെ ലഭിച്ചു? തീർച്ചയായും ഭഗവാൻ വിനാശത്തിനു മുമ്പ് പഠിപ്പിച്ചിട്ടുണ്ട്. അതിനു ശേഷം വിനാശം ഉണ്ടായി പിന്നെ രാജയോഗത്തിലൂടെ സത്യയുഗത്തിൽ രാജ്യ പദവി നേടി. ഇതാണ് സംഗമം.

നിങ്ങൾക്കെഴുതാൻ സാധിക്കും ഈ സമയത്ത് തന്നെയാണ് സെക്കന്റിൽ സൂര്യവംശി, ചന്ദ്രവംശി രാജ്യം പ്രാപ്തമാകുന്നത്, ഇത് വന്ന് മനസ്സിലാക്കൂ. ചിത്രങ്ങൾ വെച്ച് നിങ്ങൾക്ക് നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. മനസ്സിലാക്കി കൊടുക്കുന്നവർ വിവേകശാലികളായിരിക്കണം. ബ്രഹ്മാകുമാർ കുമാരിമാർ ശിവന്റെ പേരക്കുട്ടികളാണ്. എന്നാൽ ബാബ പറയുന്നു- എന്നെ കോടിയിൽ ചിലരേ തിരിച്ചറിയുന്നുള്ളൂ, എന്നിൽ നിന്നും സമ്പത്തെടുക്കുന്നുള്ളൂ. സെക്കന്റിൽ ജീവൻമുക്തി നേടുന്നു. പിന്നെ ജീവൻമുക്തിയിൽ ഉയർന്ന പദവി പ്രാപ്തമാക്കുന്നതിന് പുരുഷാർത്ഥം ചെയ്യണം. ഇതെല്ലാം മനസ്സിലാക്കി കൊടുക്കുന്നതിനാണ് പ്രദർശനി വെയ്ക്കുന്നത്. ബുദ്ധി പ്രവർത്തിക്കുന്നു, പുതിയ പുതിയ പോയിന്റ്സ് വരുന്നു, ഓരോ ദിവസം തോറും ചിത്രങ്ങളും സഹജമായി കൊണ്ടിരിക്കുന്നു, എല്ലാം ഡ്രാമയനുസരിച്ചാണ് നടക്കുന്നത്. കഴിഞ്ഞ കല്പത്തിൽ എന്താണൊ നടന്നത് അത് തന്നെ നടക്കണം. ഈ പ്രദർശനി

5000 വർഷങ്ങൾക്ക് ശേഷം ഇതേ സമയത്ത് നടക്കുന്നു, ഇനി അടുത്ത കല്പത്തിലും ഉണ്ടാകും എന്ന് നിങ്ങൾക്കല്ലാതെ മറ്റാർക്കും എഴുതാൻ സാധിക്കില്ല. ഒരേയൊരു പ്രാവശ്യം കല്പത്തിന്റെ സംഗമത്തിൽ അഥവാ 5000 വർഷങ്ങൾക്ക് ശേഷം പരമപിതാ പരമാത്മാവിൽ നിന്നും സെക്കന്റിൽ ജീവൻമുക്തി നേടുന്നതിന്, മനസ്സിലാക്കി കൊടുക്കുന്നതിന് ഈ പ്രദർശനി സംഘടിപ്പിക്കുന്നു. ഇത് സർവ്വ ദേശങ്ങളിലും പോകും. പുതിയ പുതിയ പോയിന്റ്സ് ബാബ മനസ്സിലാക്കി തരുന്നു. ബാബ കൂടുതലായി ചേർക്കേണ്ടത് പറഞ്ഞു തരുന്നു. മനുഷ്യർ അതേ രാമായണമാണ് അച്ചടിക്കുന്നത് അതിനാൽ നമ്മളോട് ചോദിക്കാറുണ്ട് നേരത്തെ നിങ്ങൾ എന്ത് എഴുതുമായിരുന്നു, ഇപ്പോൾ എന്ത് എഴുതുന്നുവെന്ന്. ബാബ പറയുന്നു ഞാൻ നിങ്ങളെ ദിവസവും പുതിയ പുതിയ കാര്യങ്ങളാണ് കേൾപ്പിക്കുന്നത്. എല്ലാം ഒരുമിച്ച് കേൾപ്പിക്കാൻ സാധിക്കില്ല. അവർ പറയുന്നത് യുദ്ധ മൈതാനത്തിൽ ഗീത കേൾപ്പിച്ചുവെന്നാണ്. 18 അദ്ധ്യായമുള്ള ഗീത ഉണ്ടാക്കിയിട്ടുണ്ട്, സംസ്കൃതത്തിൽ സമർത്ഥരായിട്ടുള്ളവർ അര മണിക്കൂറിനുള്ളിൽ ശ്ലോകങ്ങളെല്ലാം മന:പാഠമാക്കുന്നു. ഏറ്റവും മുഖ്യം ഗീതയാണ്. ബാക്കി ഭാഗവതത്തിൽ കഥയാണുള്ളത്. ഗീതയെ തന്നെയാണ് സംസ്കൃതത്തിൽ രചിച്ചിരിക്കുന്നത്. വളരെ ചെറിയ ഗീത സംസ്കൃതത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. ജ്ഞാന സാഗരനായ ബാബ അത്രയും ജ്ഞാനം കേൾപ്പിക്കുന്നു- സാഗരത്തെ മഷിയാക്കിയാലും.....വൃക്ഷത്തെ പേനയാക്കിയാലും, മുഴുവൻ ഭൂമിയെ കടലാസാക്കിയാലും പൂർത്തിയാകില്ല. അവർ 18 അദ്ധ്യായങ്ങളിൽ പൂർത്തിയാക്കി. എന്നാൽ അങ്ങനെയല്ല. സംസ്കൃതത്തിന്റെ കാര്യവുമില്ല. ഭാഷ ഹിന്ദിയാണ്. ഭാഷകൾ അനവധിയുണ്ട്. സർവ്വ ഭാഷകളും ഒരാൾക്ക് തന്നെ പഠിക്കാൻ സാധിക്കില്ല. പരിശ്രമിച്ച് 5-6 ഭാഷകൾ ചിലർ പഠിച്ചെടുക്കുന്നു, അവരെ മറ്റുള്ളവർ വളരെ ബഹുമാനിക്കുകയും ചെയ്യുന്നു. ഇപ്പോൾ ഭഗവാൻ പോലും സർവ്വ ഭാഷകളിൽ മനസ്സിലാക്കി തരുന്നില്ല. ബാബ ഹിന്ദിയിലാണ് മനസ്സിലാക്കി തരുന്നത്. ഏതു പോലെ കുറേശ്ശെ ഹിന്ദി എല്ലാവർക്കും അറിയാവുന്നത്, അതേപോലെയാണ് ഇംഗ്ലീഷും. നിങ്ങൾക്ക് ബാബ ഹിന്ദിയിലാണ് മനസ്സിലാക്കി തരുന്നത്. ഭക്തർക്ക് ഭഗവാൻ വന്ന് ഭക്തിയുടെ ഫലം നല്കുന്നു. ഭക്തർ അനേകമുണ്ട്. ഭഗവാൻ ഒന്നേയുള്ളൂ. പറയാറുണ്ട്- പതിത പാവനാ വരൂ. ഭഗവാനേ വരൂ എന്ന് പറയുന്നില്ല. സർവ്വരുടെയും അച്ഛൻ ഒന്ന് തന്നെയാണ്. സർവ്വരുടെയും ഗോഡ്ഫാദർ ഒന്ന് തന്നെയാണ്. ബാബ രചയിതാവാണ്. സുഖത്തിന് വേണ്ടിയാണ് രചിക്കുന്നത്. അച്ഛൻ മക്കളുടെ സുഖം തന്നെയാണ് ആഗ്രഹിക്കുന്നത്. ഗോഡ്ഫാദർ സ്വർഗ്ഗം രചിക്കുന്നു, ആരെയാണോ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റിയത് അവരെയാണ് ദേവി ദേവതമാർ എന്നു പറയുന്നത്. എന്നാൽ എല്ലാവരെയും അങ്ങനെ വിളിക്കില്ല, ഇത് വളരെ ഗുപ്തമായ കാര്യങ്ങളാണ്. ഗോഡ്ഫാദർ മമ്മാ ബാബയിലൂടെ എങ്ങനെ സൃഷ്ടി രചിക്കുന്നു. ഗോഡ് എന്ന് പറയുന്നത് വേറെയാണ്. ഇത് പതുക്കെ പതുക്കെ മനസ്സിലാക്കി തുടങ്ങും. വൃക്ഷം വൃദ്ധി പ്രാപ്തമമാക്കും. ഭാരതത്തിന് തന്നെയാണ് മുക്തി ജീവൻമുക്തി ലഭിക്കുന്നത്. സുഖധാമായി തീരുന്നതും ഭാരതം തന്നെയാണ്. ആദ്യം ഭാരതം തന്നെയായിരുന്നു പ്രാചീന ദേശം, അവിടെ ദേവീ ദേവൻമാർ രാജ്യം ഭരിച്ചിരുന്നു, അതിനു ശേഷം ഇസ്ലാം, ബുദ്ധ ധർമ്മം സ്ഥാപിക്കപ്പെട്ടു. തീർത്ഥും സഹജമാണ്. ഏത് സമയത്ത് ഏത് ധർമ്മത്തിന്റെ തൈ നടണോ, അത് തന്നെയാണ് നടുന്നത്.

നോക്കൂ, എങ്ങനെയുള്ള കത്താണ് ബാബയ്ക്ക് എഴുതുന്നത്- ബാബാ ഞാൻ 4 ദിവസം പ്രായമായ കുട്ടിയാണ്. ഞാൻ അങ്ങയെ തിരിച്ചറിഞ്ഞു. ചിലർ എത്ര വർഷങ്ങളായി വരുന്നെങ്കിലും ഒരിക്കലും ബാബയ്ക്ക് കത്തെഴുതുന്നില്ല. ചിലർ പെട്ടെന്ന് തന്നെ എഴുതും. പോകുന്തോറും മായയുടെ കൊടുങ്കാറ്റ് വളരെയധികം വരും. കൊടുങ്കാറ്റടിച്ച് പഴയ ഇലകൾ പോലും കൊഴിയുന്നു. പുതിയവർക്ക് ആദ്യം ആദ്യം സന്തോഷത്തിന്റെ ലഹരി വളരെയധികം വർദ്ധിക്കുന്നു. ബാബാ...ഞാൻ അങ്ങയുടേതായി ജീവിക്കും, എന്നാൽ മായയും കുറവൊന്നുമല്ല. പ്രതിജ്ഞയെടുക്കുമ്പോൾ ഡയറിയിൽ നോട്ട് ചെയ്ത് വയ്ക്കൂ- ഞാൻ ഏതെല്ലാം പ്രതിജ്ഞകളാണ് എടുത്തിട്ടുള്ളത്. ചിലർ പ്രതിജ്ഞയെടുത്തതിനു ശേഷം ഡയറി നോക്കുന്നേയില്ല, ഇതിലൂടെ എന്ത് പ്രയോജനം? നമ്മുടെ ശേഷമുള്ളവർ പഠിക്കും എന്ന് ചിന്തിക്കരുത്. ഇവിടെ ഇനി പേരക്കുട്ടികളൊന്നും അവശേഷിക്കാൻ പോകുന്നില്ല. ആര് എത്ര പഠിച്ചുവൊ അത്രയും പ്രാപ്തി നേടുന്നു, പഠിച്ചില്ലായെങ്കിൽ പക്കാ ആകില്ല. കുറച്ച് തെറ്റ് ചെയ്താലും, അത് പറഞ്ഞില്ലായെങ്കിൽ പിന്നെ വർദ്ധിക്കും. ഒരു കഥ പറയാറുണ്ടല്ലോ- അമ്മയുടെ ചെവിയിൽ പിടിച്ച് മകൻ ചോദിച്ചു- എന്ത് കൊണ്ട് ഇതൊന്നും നേരത്തെ എന്നെ പഠിപ്പിച്ചില്ല. ആദ്യമേ പഠിപ്പിച്ചിരുന്നുവെങ്കിൽ എനിക്ക് ജയിലിൽ പോകേണ്ടി വരില്ലായിരുന്നു. ഇതെല്ലാം ഉദാഹരണങ്ങളാണ്. ഒരിക്കലും മോഷ്ടിക്കരുത്. അല്ലായെങ്കിൽ അത് ശീലമാകും, ധർമ്മരാജന്റെ വളരെ ശിക്ഷകൾ അനുഭവിക്കേണ്ടി വരും. ഇപ്പോൾ ബാബയിൽ നിന്നും സമ്പത്ത് നേടണമെങ്കിൽ നേടൂ. വിശ്വത്തിന്റെ ചക്രവർത്തി പദവി ബാബ നല്കികൊണ്ടിരിക്കുന്നു, ഇനി വേറെയെന്താണ് വേണ്ടത്? ബാക്കി എന്താണ് ഉള്ളത്? തന്റെ ദരിദ്ര ജീവിതം. ഇപ്പോൾ ദേഹിയഭിമാനിയാകണം. ദേഹസഹിതം മുഴുവൻ ലോകത്തെയും നമ്മൾ മറക്കുന്നു. ലോഭം വയ്ക്കരുത്. എന്ത് കിട്ടിയാലും നല്ലത്, പറയാറുണ്ട്- യാചിക്കുന്നതിനേക്കാൾ നല്ലത് മരണമാണ്. ശിവബാബയുടെ ഭണ്ഡാരയിൽ നിന്നും സർവ്വതും ലഭിക്കുന്നുണ്ട്.

അമൃതവേളയിൽ തനിയേ എഴുന്നേല്ക്കുന്നതിന്റെ ശീലം കൊണ്ട് വരണം. രാത്രിയിൽ എഴുന്നേറ്റ് സമ്പാദിക്കൂ. ബാബ വളരെ അനുഭവിയായിട്ടുള്ള ശരീരമാണ് എടുത്തിരിക്കുന്നത്. അതും രത്നമാണ്, ഇതും ജ്ഞാനരത്നമാണ്. ഇന്നത്തെ കാലത്ത് അസത്യമായ രത്നങ്ങളും നിറയെയുണ്ട്. ചിത്രങ്ങൾ വെച്ച് മനസ്സിലാക്കി കൊടുക്കാൻ സഹജമാണ്. സെക്കന്റിൽ ബാബയുടെയടുത്ത് വന്ന് സമ്പത്തെടുക്കൂ. മുകളിൽ ബാബ, ഇതാണ് ബ്രഹ്മാകുമാർ കുമാരിമാർ. ബാബയുടേതായത് മുതൽ ജീവന്മുക്തിയുടെ സമ്പത്ത് ഉണ്ട്. ബാക്കി ഉയർന്ന പദവിക്ക് വേണ്ടി നമ്മൾ പുരുഷാർത്ഥം ചെയ്യുന്നു. പരമപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ മനുഷ്യ സൃഷ്ടിയെ രചിക്കുന്നു. ബന്ധനമുള്ളവർ പറയുന്നു- ബാബാ ഞാൻ അങ്ങയെ തന്നെ ഓർമ്മിക്കുന്നു, ഞാൻ മിലനം നടത്തുന്നില്ലായെങ്കിലും തീർച്ചയായും സമ്പത്തെടുക്കും. എത്ര അത്ഭുതമാണ്. അനവധി കുട്ടികളുണ്ട്. പ്രഭാവം വർദ്ധിക്കുന്തോറും ബന്ധനവും ഇല്ലാതാകും. വളരെപേർ പതിയുടേയും ഗുരുവായി തീരുന്നു. എത്ര സ്ത്രീകൾ പതിയുടെ ഗുരുവായി തീർന്നുവെന്ന ലിസ്റ്റ് എടുക്കണം, പതിയും എഴുതണം പത്നിയാണ് എനിക്ക് ജ്ഞാനം നല്കിയത് അതിനാൽ പത്നിയാണ് എന്റെ ഗുരു. പുരുഷൻ പറയും- സ്ത്രീയാണ് എന്റെ ഗുരു. അങ്ങനെ പെട്ടെന്നാരും അംഗീകരിക്കില്ല. മാതാവായ ഗുരുവില്ലാതെ ആരുടെയും ഉദ്ധാരണം ഉണ്ടാകില്ല. കലശം ജഗത് മാതാവിനാണ് ലഭിക്കുന്നത്, അപ്പോൾ ജഗത് മാതാവ് തന്നെ ഗുരുവായില്ലേ. ഇന്നത്തെ കാലത്ത് സ്ത്രീകളെ വളരെ ബഹുമാനിക്കുന്നു. ബാബയും പറയുന്നു മാതാവായ ഗുരുവില്ലാതെ മുക്തി ജീവൻമുക്തി ലഭിക്കില്ല. അപ്പോൾ മാതാവിലൂടെ ദത്തെടുക്കപ്പെടുമ്പോഴാണ് ജീവൻമുക്തി ലഭിക്കുന്നത്. മാതാവിനെ ഗുരുവെന്ന് മനസ്സിലാക്കണം. കുട്ടികൾക്ക് അഹങ്കാരം ഉണ്ടാകരുത്, മാതാക്കൾക്ക് പദവി നല്കണം, അനുകരിക്കണം, ദേഹാഭിമാനം ഉണ്ടാകരുത്. സ്വയത്തെ നിരഹങ്കാരിയാണെന്ന് മനസ്സിലാക്കണം. ബാബയും സ്വയത്തെ നിരാകാരനാണെന്നു മനസ്സിലാക്കുന്നു. നിങ്ങൾ പറയും- ഞാൻ നിരാകാരിയും സാകാരിയുമാണ്. ഏതു പോലെ എഴുതുന്നു- ഹോസ്പിറ്റലും യൂണിവേഴ്സിറ്റിയുമാണെന്ന്. ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കുന്നതിനാണ് ബാബ നല്കുന്നത്. എല്ലാവർക്കും ഏകരസമായി ധാരണയുണ്ടാകുന്നില്ല. പുരുഷാർത്ഥം ചെയ്ത് ധാരണ ചെയ്യണം, ചെയ്യിക്കണം. കേട്ടു, കേൾപ്പിച്ചു, ഉടൻ ദാനം ചെയ്യുന്നതാണ് മഹാപുണ്യം. ധനം ദാനം ചെയ്യുന്നില്ലായെങ്കിൽ എങ്ങനെ സമ്പന്നരാകും?

നിങ്ങളാണ് ഏറ്റവും വലിയ ലോഭികൾ, മുഴുവൻ വിശ്വത്തിന്റെ അധികാരിയാകുന്നതിന്റെ എത്ര വലിയ ആഗ്രഹമാണ്. സർവ്വരെയും സദാ സുഖിയും, ശാന്തരുമാക്കണം. മനുഷ്യരെ കലിയുഗീ ഭ്രഷ്ടാചാരിയിൽ നിന്നും സത്യയുഗി ശ്രേഷ്ഠാചാരിയാക്കണം. ഭാരതത്തിൽ ദേവതമാരായിരുന്നു, ഇപ്പോൾ ഇല്ല, പിന്നീട് തീർച്ചയായും ഉണ്ടാകും, അതിനെ സ്വർഗ്ഗമെന്നു പറയുന്നു. പാരഡൈസ് (സ്വർഗ്ഗം) എന്ന അക്ഷരം എത്ര നല്ലതാണ്. നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നതിനുള്ള പുരുഷാർത്ഥമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ഒരേയൊരു ബാബയെ ഒഴികെ ബാക്കി സർവ്വതും മറക്കണം. സർവ്വരോടുമുള്ള മോഹത്തെയില്ലാതാക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ ദരിദ്ര ജീവിതത്തിൽ പൂർണ്ണമായും ദേഹിയഭിമാനിയാകണം. ഒരു വസ്തുവിലും കൂടുതൽ ലോഭം ഉണ്ടാകരുത്. എന്ത് കിട്ടിയാലും നല്ലത്. യാചനയേക്കാൾ നല്ലത് മരണമാണ്.

2) തന്റെ അഹങ്കാരം കാണിക്കാതെ മാതാക്കളെ മുന്നിൽ വെയ്ക്കണം. ബാബയ്ക്ക് സമാനം നിരഹങ്കാരിയാകണം. ജ്ഞാന ധനം ദാനം ചെയ്യണം.

### വരദാനം:- നാല് വിഷയങ്ങളെയും തന്റെ സ്വരൂപത്തിൽ കൊണ്ടുവരുന്ന വിശ്വമംഗളകാരിയായി ഭവിക്കട്ടെ.

പഠിപ്പിൽ നാല് വിഷയങ്ങളുണ്ട്, അവക്കെല്ലാം തന്നെ പരസ്പരം സംബന്ധമുണ്ട്. ആരാണോ ജ്ഞാനം പ്രയോഗത്തിൽ കൊണ്ടുവരുന്ന ആത്മാക്കൾ, അവർ അവശ്യം യോഗം പ്രയോഗത്തിൽ വരുത്തുന്നവരുമായിരിക്കും, മാത്രമല്ല ആരാണോ ജ്ഞാന-യോഗത്തെ തന്റെ സ്വഭാവമാക്കിയത്, അവരുടെ കർമ്മം

സ്വാഭാവികമായും യുക്തി-യുക്തം അഥവാ ശ്രേഷ്ഠമായിരിക്കും. സ്വഭാവ-സംസ്കാരം ധാരണാസ്വരൂപമായിരിക്കും. ആരിലാണോ ഈ മൂന്ന് വിഷയങ്ങളുടെയും അനുഭൂതികളുടെ ഖജനാവുള്ളത്, അവർ മാസ്റ്റർ ദാതാവ് അതായത് സേവാധാരി സ്വതവേ ആയി മാറുന്നു. ആര് ഈ നാല് വിഷയങ്ങളിലും നമ്പർ വൺ നേടുന്നുവോ അവരെ തന്നെയാണ് വിശ്വമംഗളകാരിയെന്ന് വിളിക്കുക.

**സ്ലോഗൻ:- മായയുടെ വികരാള രൂപത്തിന്റെ കളി യെ സാക്ഷിയായിരുന്ന് നോക്കൂ എങ്കിൽ നിർഭയരായിരിക്കാം.**

## അമൂല്യ ജ്ഞാനരത്നങ്ങൾ(ദാദിമാരുടെ പഴയ ഡയറികളിൽ നിന്ന്)

ജ്ഞാനം ഗ്രഹിച്ചതിന്റെ സുഖം ശാന്തി തന്നെയാണ്, അതായത് നിർവ്വികൽപമാവുക. ആന്തരീകമായി ശാന്തസ്വരൂപമായി മാറുന്നു. ഈ അവിനാശീ ജ്ഞാനത്തിലൂടെ സമ്പൂർണ്ണ ശാന്തിയുടെ സ്ഥാനത്ത് എത്തിച്ചേരുന്നു. ശാന്തം അർത്ഥം യോഗനിഷ്ഠ അവസ്ഥ ധാരണ ചെയ്യുന്നതിലൂടെ യോഗത്തിന്റെ അതിയായ പ്രകാശം പുറപ്പെടും. ആര് രാത്രിയും പകലും അങ്ങനെയുള്ള മധുരമായ യോഗത്തിന്റെ അവസ്ഥയിൽ ഇരിക്കുന്നുവോ അവർക്ക് അപരം അപാരമായ സന്തോഷം ഉണ്ടാകുന്നു. അവരുടെ എല്ലാ പരിധിയുള്ള ബന്ധനങ്ങളും മുറിഞ്ഞ് പരിധിയില്ലാത്ത സ്ഥായിയായ സന്തോഷം പ്രകടമാകുന്നു. അങ്ങനെയുള്ള അവസ്ഥയിൽ മനസ്സ് വളരെ ഭാരരഹിതമാകുന്നു, മാത്രമല്ല സന്തോഷത്തിന്റെ തിരമാലകളിൽ അലയടിക്കുന്നു. ഇത് തന്നെയാണ് യോഗത്തിന്റെ ചാവി, ഇത് നാം ദൈവീക വത്സർക്ക് ഈശ്വരീയ പിതാവിലൂടെ പ്രാപ്തമായതാണ്. ഓം ശാന്തി.